"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.നമ്പർ 1853/2019 - ന്മേലുള്ള 18.09.2019- ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1575/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/08/2020

പരാമർശം:- 1 ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.നമ്പർ 1853/2019 - ന്മേലുള്ള 18.09.2019- ലെ വിധിന്യായം.

2 ശ്രീമതി പി.ജയ സമർപ്പിച്ച 22.10.2019-ലെ നിവേദനം.

3 പഞ്ചായത്ത് ഡയറക്ടറുടെ 12.11.2019-ലെ PAN/11308/2019-E1(DP) നമ്പർ കത്ത് .

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി. ജയ പി. തന്നെ ആലപ്പുഴ ജില്ലയിൽ നിന്നും മാറ്റിയതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1853/2019-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

2. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. പി. ജയ പരാമർശം (2) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിക്കുകയും തുടർന്ന് ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം ശ്രീമതി പി. ജയയെ നേരിൽ കേൾക്കുകയും ഉണ്ടായി. 22.11.2018-ൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചാർജ്ജെടുത്ത തന്നെ 06.09.2019-ലെ പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ ഉത്തരവ് പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ എസ്.സി./എസ്.റ്റി & ബി.പി.എൽ. കുടുംബങ്ങൾക്കുള്ള ഗാർഹിക പ്ലോട്ട് മണ്ണിട്ട് നികത്തൽ എന്ന പ്രവർത്തിയിലെ ക്രമക്കേട് ആരോപിച്ച് മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിക്കൊണ്ട് 16.09.2019-ൽ ഉത്തരവ് ലഭിച്ചുവെന്നും പ്രസ്തുത ഉത്തരവിൽ തനിക്കെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ വ്യാജവും, അടിസ്ഥാന രഹിതവും വസ്തുതാവിരുദ്ധവും ബോധപൂർവ്വം കെട്ടിച്ചമച്ചതുമായണെന്നും പ്രസ്തുത നിവേദനത്തിൽ പരാതിക്കാരി ആരോപിച്ചിരിക്കുന്നു.

3. ശ്രീമതി. പി. ജയ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ ചാർജ്ജെടുത്തതിനുശേഷം എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ നടത്തിയ മേൽ പ്രവൃത്തിക്ക് ചെലവായ തുക അനുവദിക്കുന്നതിന് ടിയാളുടെ മേലുണ്ടായ സമ്മർദ്ദത്തെക്കുറിച്ചും അതിന് പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ പ്രവൃത്തി സംബന്ധിച്ചും വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിക്കുന്ന സെക്രട്ടറി കൈക്കൊണ്ട നടപടിയും

പ്രതിപാദിച്ചിരിക്കുന്നു. എസ്.സി./എസ്.റ്റി & ബി.പി.എൽ. ഗുണഭോക്താക്കളുടെ വാസസ്ഥലം മണ്ണിട്ടുനികത്തൽ പദ്ധതി സംബന്ധിച്ച രേഖകളിലെ വിവിധ ക്രമക്കേടുകൾ സംബന്ധിച്ച് റൂറൽ ഡെവലപ്മെന്റ് കമ്മീഷണറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പട്ടണക്കാട് ബി.ഡി.ഒ. നൽകിയ കത്തിനെത്തുടർന്ന് പഞ്ചായത്ത് സെക്രട്ടറി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കിയിരിക്കുന്നു. മേൽ പദ്ധതി സംബന്ധിച്ച് ആലപ്പുഴ ജോയിന്റ് പ്രോഗ്രാം ഓഫീസറുടെ നിർദ്ദേശാനുസരണം 4 അസിസ്റ്റന്റ് എഞ്ചിനീയർമാർ നടത്തിയ പരിശോധനയിൽ വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ആർ.ഡി.ഒ. വിശദീകരണം തേടുകയും പഞ്ചായത്ത് സെക്രട്ടറി വിശദീകരണം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതും നിയമവിരുദ്ധമായി സൃഷ്ടിച്ച ഫണ്ട് ട്രാൻസ്ഫർ ഓർഡർ (FTO) റദ്ദ് ചെയ്യുന്നതിന് അപേക്ഷിക്കുകയും ചെയ്തിട്ടുള്ളതും ടിയാളുടെ സമയബന്ധിതമായ നടപടിമൂലം പൊതുധനം നഷ്ടപ്പെടുന്നത് തടയാൻ സാധിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തിക്കായി സെക്രട്ടറിയുടെ digital signature, MGNREGS ജീവനക്കാർ ദുരുപയോഗം ചെയ്തതായി ബോധ്യം വന്നപ്പോൾ തുക അനുവദിക്കുന്നതിനുള്ള എല്ലാ നടപടികളും നിർത്തിവച്ചിട്ടുള്ളതും കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ കൈക്കൊണ്ട നടപടികൾ തന്റെ നിരപരാധിത്വം തെളിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഇക്കാര്യത്തിൽ യഥാർത്ഥ കുറ്റക്കാരെ കണ്ടെത്താതെ തനിക്കെതിരെ നടത്തുന്ന അന്വേഷണം നീതീകരണമില്ലാത്തതാണെന്നും പ്രവൃത്തി നടത്തിപ്പിൽ കുറ്റക്കാർക്കെതിരെ തക്കസമയത്ത് താൻ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ബോധിപ്പിച്ചിരിക്കുന്നു.

4. എന്നാൽ ബി.ഡി.ഒ. തനിക്കെതിരെയുള്ള വ്യക്തിവിരോധത്തിന്റെ പേരിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദുരുപയോഗം അവഗണിച്ച് കമ്മീഷണർ മുമ്പാകെ തെറ്റായ റിപ്പോർട്ട് സമർപ്പിക്കുകയും താൻ സമയബന്ധിതമായി ചെയ്ത പ്രവർത്തികൾ മറച്ചുവയ്ക്കുകയും ചെയ്തു എന്നറിയിച്ചിരിക്കുന്നു. എം.ജി.എൻ.ആർ.ഇ.ജി.എസ്.ന്റെ ചാർജ്ജ് ഓഫീസറും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അവരുടെ ഉത്തരവാദിത്തം നിർവചിച്ച് നൽകിയിട്ടുള്ളതുമാണ്. എന്നാൽ സെക്രട്ടറി നടപടി സ്വീകരിക്കുന്നതിന് ആരംഭിച്ചപ്പോൾത്തന്നെ ബന്ധപ്പെട്ട ഫയലിലെ രേഖകൾ മാറ്റുകയും തിരിമറി നടത്തുകയുമുണ്ടായി എന്നും അറിയിക്കുകയുണ്ടായി. തുടർന്ന് ശ്രീമതി. പി.ജയ തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനുള്ള കാര്യങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ എസ്.സി./എസ്.റ്റി & ബി.പി.എൽ. കുടുംബങ്ങൾക്കുള്ള ഗാർഹിക പ്ലോട്ട് മണ്ണിട്ട് നികത്തൽ എന്ന പ്രവർത്തി ശ്രീമതി. ജയ പഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേൽക്കുന്നതിനു മുമ്പ് നടത്തിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഫയലിൽ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തിരുത്തൽ വരുത്തിയിട്ടുള്ളതും വാല്യുവേഷൻ സർട്ടിഫിക്കറ്റിലും പ്രലിമിനറി എഗ്രിമെന്റിലും Technical Sanction Slip-ലും തീയതികളിൽ മാറ്റമില്ലാതെ അവശേഷിച്ചു എന്നും ബോധിപ്പിച്ചു.

5. താൻ സമർപ്പിച്ചിട്ടുള്ള രേഖകൾ പ്രകാരം നിരപരാധിയാണെന്ന് വ്യക്തമാകുന്നതിനാലും പ്രവൃത്തി നടത്തിയിട്ടുള്ളത് തന്റെ മുൻഗാമികളുടെ കാലത്തായതിനാലും സമയബന്ധിതമായി സർക്കാർ ഫണ്ട് നഷ്ടപ്പെടാതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതിനാലും തന്നെ കുറ്റവിമുക്തയാക്കണമെന്നും തന്റെ വ്യക്തിപരമായ സാഹചര്യം കൂടി കണക്കിലെടുത്ത് ആലപ്പുഴ ജില്ലയിൽത്തന്നെ സമീപ പഞ്ചായത്തുകളിലേതിലെങ്കിലും നിയമിക്കണമെന്നും ശ്രീമതി പി.ജയ അപേക്ഷിച്ചിരിക്കുന്നു.

6. തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്കിൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലെ

ബി.പി.എൽ. എസ്.സി./എസ്.റ്റി. കുടുംബങ്ങളുടെ വാസസ്ഥലം മണ്ണിട്ട് ഉയർത്തൽ എന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തിയതിൽ നിന്നും ഗുരുതരമായ ക്രമക്കേടുകൾ നടന്നതായും ടി പ്രവൃത്തിയുടെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നിലവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. പി. ജയയ്ക്കും പങ്കുള്ളതായി അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നും പ്രസ്തുത സാഹചര്യത്തിൽ, ടിയാൾ പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസ് രേഖകൾ തുടർന്ന് കൈകാര്യം ചെയ്യുന്നത് ഉചിതമല്ലെന്ന് കാണുന്നുവെന്നും വിശദമായി അന്വേഷണം അനിവാര്യമായ സാഹചര്യത്തിൽ ഫയലുകളിൽ കൃത്രിമം ഉണ്ടാകാതിരിക്കുന്നതിലേക്ക് ശ്രീമതി. പി. ജയയെ കോട്ടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും അടിയന്തിരമായി സ്ഥലംമാറ്റണമെന്നും ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നുവെന്നും ഈ സാഹചര്യത്തിൽ ശ്രീമതി. പി. ജയയെ അച്ചടക്ക നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ സെക്രട്ടറി തസ്തികയിൽ ഒഴിവില്ലാതിരുന്നതിനാൽ മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവിലേക്ക് സ്ഥലംമാറ്റി 06.09.2019-ലെ PAN/11308/2019-E1(DP) നമ്പർ നടപടിക്രമങ്ങൾ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ശ്രീമതി. പി. ജയ ഈ വിഷയം സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ. നം.1853/2019 നമ്പറായി ഹർജി സമർപ്പിക്കുകയും ആയതിന്മേൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച 18.09.2019-ലെ ഉത്തരവിൻ പ്രകാരം അപേക്ഷകയെ ടി ഹർജിയിലെ നാലാം എതിർകക്ഷിയായ സർക്കാർ നേരിൽ കേട്ട് തീർപ്പ് കൽപ്പിക്കുവാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ അപേക്ഷകയെ പ്രസ്തുത കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യിട്ടില്ലാത്തതുമാണെന്നും പ്രസ്തുത വിഷയത്തിൽ അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതും, ഇത് സംബന്ധിച്ച് വിശദമായ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് 19.10.2019-ന് കത്ത് നൽകിയിട്ടുള്ളതാണെന്നും എന്നാൽ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് നിലവിൽ ലഭ്യമായിട്ടില്ലാത്തതിനാൽ അപേക്ഷകയ്ക്കെതിരെ എന്തെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടി നിലവിൽ സ്വീകരിച്ചിട്ടില്ല എന്ന വിവരവും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. 18.09.2019-ലെ ഒ.എ.1853/2019 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14.11.2019 ൽ ശ്രീമതി .ജയ.പി യെ നേരിൽ കേട്ട് ആയതിന്റെ കൂടി അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിൽ നിന്നും ശ്രീമതി പി.ജയയെ മാറ്റി മറ്റൊരു പഞ്ചായത്ത് സെക്രട്ടറിയെ നിയമിക്കണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ക്രമക്കേട് നടന്നതായി കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തന്നെ സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരി അന്വേഷണം നടത്തി നിലവിലെ പഞ്ചായത്ത് സെക്രട്ടറി കൂടി കുറ്റക്കാരിയാണെന്ന് കണ്ടാണ് ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിയമനാധികാരിക്ക് ശുപാർശ ചെയ്തിരിക്കുന്നത്. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ ടിയാളെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റിയിട്ടുണ്ട്. അച്ചടക്ക നടപടി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ടിയാൾക്കെതിരെ അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയ ക്രമക്കേടുകൾ ഉൾപ്പെടുത്തി നൽകാനിരിക്കുന്ന കുറ്റാരോപണ പത്രികയ്ക്കും കുറ്റാരോപണ മെമ്മോയ്ക്കും മറുപടി നൽകുന്നതിനും അതുവഴി ടിയാളുടെ ഭാഗം വിശദീകരിക്കുന്നതിനും ടിയാൾക്ക് അവസരം ലഭിക്കുന്നതാണ്. ആകയാൽ അച്ചടക്ക നടപടി സംബന്ധിച്ച് ഇത്തരം സാഹചര്യത്തിൽ സർക്കാരിന്റെ ഇടപെടൽ ആവശ്യമില്ല. ടിയാൾ കുറ്റക്കാരിയാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. ആകയാൽ ടിയാളുടെ അപേക്ഷ പരിഗണിച്ചും ടിയാളുടെ

കുടുംബ പശ്ചാത്തലവും ആരോഗ്യ സ്ഥിതിയും കണക്കിലെടുത്ത് ആലപ്പുഴ ജില്ലയിൽ തന്നെ ടിയാൾക്ക് കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് ഒഴികെ മറ്റേതെങ്കിലും സൗകര്യപ്രദമായ പഞ്ചായത്തിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീമതി പി.ജയ, മുൻ സെക്രട്ടറി, കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. അഡ്വക്കേറ്റ് ജനറൽ, കേരള , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.08.25 12:20:40 IST
Reason: Approved

സെക്ഷൻ ഓഫീസർ